**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5831** **25-03-2025 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പെരുമ്പളം പാലം, നെടുമ്പ്രക്കാട്-വിളക്കുമരം പാലം എന്നീ പ്രവൃത്തികളിൽ പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടും ബന്ധപ്പെട്ട അപ്രോച്ച് റോഡിന്റെ നിർമ്മാണം വൈകുന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ഉദ്ഘാടനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | 01/01/2018-ലെ G.O (Rt) No. 18 /2018 /PWD പ്രകാരം 100 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച അരൂർ നിയോജക മണ്ഡലത്തിലെ പെരുമ്പളം പാണാവള്ളി പാലം നിർമ്മാണ പ്രവൃത്തിക്ക് 04/02/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 95.86 കോടി രൂപയുടെ ധനാനുമതി നൽകിയിരുന്നതും, ആയത് പിന്നീട് 25/05/2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 106.07 കോടി രൂപയായി പരിഷ്കരിച്ച് നൽകുകയും ചെയ്തിരുന്നു. 06/01/2021 തീയതിയിലെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിച്ചിരുന്നതും, നിലവിൽ പാലത്തിന്റെ നിർമാണം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വടുതല ഭാഗത്തെ അപ്രോച്ചിലെ കലുങ്ക് നിർമ്മാണവും ഓട നിർമ്മാണവുമാണ് നിലവിൽ നടക്കുന്നത്. പാലത്തിന്റെ പെരുമ്പളം ദ്വീപിലെ അപ്രോച്ചിൽ കിഫ്ബിയുടെ ജിയോടെക്നിക്കൽ വിദഗ്ധന്റെ നിർദേശമനുസരിച്ച് ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് ചെയ്യേണ്ടതുണ്ട്. ഇത് ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹണ ഏജൻസി സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റിന് കിഫ്ബി 19/03/2025-ന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പെരുമ്പളം ദ്വീപിലെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി കൂടി പൂർത്തിയാക്കുന്നതാണെന്നും നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്.<br><br>31.10.2016-ലെ GO (Rt) No. 1496/2016/PWD പ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച അരൂർ നിയോജക മണ്ഡലത്തിലെ നെടുമ്പ്രക്കാട് – വിളക്കുമരം പാലം നിർമ്മാണ പ്രവൃത്തിയ്ക്കായി 09/08/2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 18.43 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നതും പിന്നീട് ആയത് 24/02/2021-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 21.22 കോടി രൂപയായി പുതുക്കി |

| | | | |
|---|---|---|---|
| | | | നൽകുകയും ചെയ്തിരുന്നു. 22/07/2019 തീയതിയിലെ കരാർ ഉടമ്പടി പ്രകാരം പ്രവൃത്തി ആരംഭിച്ചിരുന്നതും, പാലം നിർമാണം പൂർത്തീകരിച്ചിരുന്നതുമാണ്. എന്നാൽ ആ സമയത്ത് അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി സ്ഥലം കൈമാറി കിട്ടിയിരുന്നില്ല. സ്ഥലം കൈമാറി കിട്ടിയ ശേഷം KSEB ഇലക്ട്രിക്ക് പോസ്റ്റുകളും വാട്ടർ അതോറിറ്റി പൈപ്പ് ലൈനുകളും ഷിഫ്റ്റ് ചെയ്യുതിനും, ഏറ്റെടുത്ത സ്ഥലത്ത് ഉണ്ടായിരുന്ന മരങ്ങൾ മുറിച്ചു മാറ്റിയതിനും ശേഷമാണ് അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞത്. നിലവിൽ അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണെന്നും, ഏപ്രിൽ മാസത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KRFB അറിയിച്ചിട്ടുണ്ട്. |
| (ബി) | പെരുമ്പളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയൽ പെൻഡിംഗ് ഉണ്ടോ എന്ന് വിശദമാക്കാമോ? | (ബി) | പെരുമ്പളം പാണാവള്ളി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റേറ്റ് റിവിഷൻ സംബന്ധിച്ച ഫയലുകളൊന്നും നിലവിൽ പെൻഡിംഗ് ഇല്ല. പെരുമ്പളം ദ്വീപിലെ അപ്രോച്ചിൽ കിഫ്ബിയുടെ ജിയോ ടെക്നിക്കൽ വിദഗ്ദ്ധന്റെ നിർദേശമനുസരിച്ച് ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് ചെയ്യുന്നതിനാവശ്യമായ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തി 12/02/2025-ലെ 177-ാമത് ടെക്നിക്കൽ കമ്മിറ്റിയുടെ ശിപാർശയോടു കൂടി നിർവ്വഹണ ഏജൻസി 05/03/2025-ന് സമർപ്പിച്ചിരുന്ന റിവൈസ്ഡ് എസ്റ്റിമേറ്റിന് 19/03/2025-ന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ